# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **31-01-2014-ൽ മറുപടിക്ക്.**

**ചോദ്യം നമ്പർ : 3969**

### പള്ളിപ്പുറം മണൽ ഇഷ്ടിക ഫാക്ടറി തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ പുനർനിർണ്ണയിക്കാൻ നടപടി

**ചോദ്യം**

ശ്രീ. എ. എം. ആരിഫ്

(എ) കേരള കൺസ്ട്രക്ഷൻസ് & കംപോണന്റ്സ് ലിമിറ്റഡിന്റെ കീഴിലുള്ള പള്ളിപ്പുറം മണൽ ഇഷ്ടിക ഫാക്ടറിയിലെ തൊഴിലാളികൾക്ക് എസ്.എസ്.എൻ.പി (സോഷ്യൽ സേഫ്റ്റി നെറ്റ് പ്രോഗ്രാം) പ്രകാരം ആനുകൂല്യമായി നൽകിയ തുക വളരെ തുച്ഛമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ആനുകൂല്യങ്ങൾ പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) തൊഴിലാളികൾക്ക് പതിനൊന്ന് മാസത്തെ ശമ്പള കുടിശ്ശിക പൂർണ്ണമായി നൽകിയിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**ഉത്തരം**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി)

(എ) .കേരള കൺസ്ട്രക്ഷൻ കംപോണന്റ്സ് ലിമിറ്റഡിൽ ഉൽപാദനത്തിലും, വിപണനത്തിലും നേരിട്ട പ്രതിസന്ധികൾ കാരണം പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കാതെ ജീവനക്കാരുടെ ശമ്പളം, വിരമിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനുപോലും സാധിക്കാതെയാണ് പ്രവർത്തനം നിർത്തലാക്കേണ്ടി വന്നത്. 2003 ൽ നടപ്പിലാക്കിയ സ്വയം വിരമിക്കൽ പദ്ധതി പ്രകാരം (Social Safety Net Programme – SSNP) എല്ലാ ജീവനക്കാരും സ്വയം വിരമിക്കൽ പദ്ധതി പകാരം പിരിഞ്ഞുപോയിട്ടുണ്ട്. വിരമിച്ച ജീവനക്കാർക്ക് നിലവിലുണ്ടായിരുന്ന വ്യവസ്ഥകളനുസരിച്ച് VRS compensation, PF dues, Gratuity, ESI dues, salary arrears നേരത്തെ വിരമിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ എന്നിവയ്ക്കായി 178.08 ലക്ഷം രൂപ സർക്കാർ നൽകിയിട്ടുണ്ട്. സ്വയംവിരമിക്കൽ പദ്ധതി പ്രകാരം വിരമിച്ച ജീവനക്കാരുടെ കുടിശ്ശികയിൻമേൽ സർക്കാർ തീരുമാനം അനുസരിച്ച് എല്ലാ ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്.

(ബി) & (സി) കമ്പനിയിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് നിലവിലുണ്ടായിരുന്ന സ്വയം വിരമിക്കൽ പദ്ധതി പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്. കൂടാതെ വിരമിച്ച ജീവനക്കാരുടെ കുടിശ്ശികയിൻമേൽ സർക്കാർ തീരുമാന പ്രകാരം ശമ്പള കുടിശ്ശികയുടെ പകുതിയാണ് നൽകിയിട്ടുള്ളത്. ജീവന

ക്കാരുടെ ശമ്പളം മുതലായ കുടിശ്ശികകൾ കമ്പനിക്ക് നേരിട്ട് നൽകുവാൻ സാധിക്കാത്തിനാൽ ജീവനക്കാരുടെ കഷ്ടതകൾ കണക്കിലെടുത്തും, സർക്കാരിന്റെ സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ശമ്പള കുടിശ്ശികയുടെ പകുതി നൽകുന്നതിനുള്ള തീരുമാനമെടുത്ത് നൽകുകയായിരുന്നു.

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ കുടിശ്ശിക പൂർണ്ണമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ഡി) | ഇത്തരം ഒരു നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | ഈ തൊഴിലാളികളുടെ പുനരധിവാസപാക്കേജ് ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഇ) | എല്ലാ ജീവനക്കാരും സ്വയം വിരമിക്കൽ പദ്ധതി പ്രകാരം പിരിഞ്ഞുപോയിട്ടുണ്ട്. സ്വയം വിരമിക്കൽ പദ്ധതിയനുസരിച്ച് പിരിഞ്ഞുപോകുന്ന ജീവനക്കാർക്ക് പുതിയ തൊഴിൽ കണ്ടെത്തുന്നതിനുള്ള ഗൈഡൻസ്, അതിനാവശ്യമായ പരിശീലനം മുതലായവ നൽകുന്നതിനുള്ള പുനരധിവാസ പദ്ധതികളും ആവിഷ്ക്കരിച്ചിരുന്നെങ്കിലും വിരമിച്ച ജീവനക്കാരാരും തന്നെ ഇത് പ്രയോജനപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ